# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ -3291

24.02..2016-ലെ മറുപടിക്ക്

### ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിലെ മലിനീകരണ നിവാരണ പദ്ധതി സംബന്ധിച്ച പരാതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ : | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിലെ 256 കോടി രൂപയുടെ മലിനീകരണ നിവാരണ പദ്ധതിയിൽ അഴിമതി ആരോപിച്ചുകൊണ്ട് ഏതെല്ലാം തീയതികളിൽ ലഭിച്ച ഏതെല്ലാം പരാതികളാണിപ്പോൾ അന്വേഷണ വിധേയമാക്കിയിട്ടുള്ളത്; | (എ) ട്രാവൻകൂർ ടൈറ്റാനിയത്തിൽ മലിനീകരണ നിയന്ത്രണ പദ്ധതി നടപ്പിലാക്കുന്നതിൽ ക്രമക്കേടുണ്ടെന്നാരോപിച്ചുകൊണ്ട് ശ്രീ. സെബാസ്റ്റ്യൻ ജോർജ്ജ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിന്മേൽ 6.6.2006-ലെ 10256/ബി1/2004/വിജി നമ്പർ സർക്കാർ കത്തുപ്രകാരം വി.ഇ.30/2006/ എസ്.ഐ.യു എന്ന നമ്പറിൽ വിജിലൻസ് അന്വേഷണം നടന്നുവരവെ, ശ്രീ.ജി. സുനിൽ കുമാർ, തിരുവന്തപുരം വിജിലൻസ് കോടതിയിൽ സമർപ്പിച്ച CMP.845/2006 നമ്പർ പരാതിയിൽ പ്രാഥമികാന്വേഷണം നടത്താൻ 8.11.2006-ൽ കോടതി ഉത്തരവിടുകയും തുടർന്ന് ടി പരാതി കൂടി മേൽ വിജിലൻസ് അന്വേഷണത്തോടൊപ്പം ചേർത്ത് അന്വേഷിക്കുകയും ചെയ്തു. ഇതേ വിഷയത്തിൽ ശ്രീ.ജയൻ, തിരുവനന്തപുരം വിജിലൻസ് കോടതിയിൽ സമർപ്പിച്ച CMP.802/2011 നമ്പർ ഹർജിയിൽ പ്രസ്തുത ആരോപണങ്ങൾ കൂടി ചേർത്ത് അന്വേഷിക്കുവാൻ ഉത്തരവായതു പ്രകാരം അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയിരുന്നു. അന്വേഷണം പൂർത്തിയായി റിപ്പോർട്ട് 25.8.2013-ൽ കോടതിയിൽ സമർപ്പിച്ചു. റിപ്പോർട്ടിന്മേലുള്ള വാദത്തിനിടയിൽ ശ്രീ.സെബാസ്റ്റ്യൻ ജോർജ്ജ് CMP.1348/2013 നമ്പറിൽ ഒരു ഹർജി കൂടി 7.11.2013-ൽ കോടതിയിൽ സമർപ്പിച്ചു. |
| (ബി) എല്ലാ പരാതികളിലുമായി ആരോപണ | (ബി) എല്ലാ പരാതികളിലുമായി താഴെ പറയുന്ന 13 പേർ |

വിധേയരായവർ എത്രയാണ്; അവർ ആരൊക്കെ; അവരുടെയെല്ലാം പേരിൽ എഫ്.ഐ. ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) ആരുടെയെല്ലാം പേരിൽ എഫ്.ഐ. ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ട്; വിജിലൻസ് കേസിൽ കുറ്റാരോപിതരായ വ്യക്തികൾ ആരൊക്കെ;

(ഡി) 28.08.2014 തീയതിയിൽ ബഹു. എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് തിരുവനന്തപുരം പുറപ്പെടുവിച്ച വിധി പ്രകാരം എല്ലാ ഹർജികളിലും പെട്ട കുറ്റാരോപിതരായ എല്ലാവർക്കും എതിരെ എഫ്.ഐ.ആർ. ഇട്ടിട്ടുണ്ടോ; നിലവിലുള്ള എഫ്.ഐ. ആർ-ൽ എല്ലാ ഹർജികളിലും ആരോപിക്കപ്പെട്ട എല്ലാവരും ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ?

(സി) & (ഡി) ആരോപണ വിധേയരായിട്ടുണ്ട്.

1. ശ്രീ.ഈപ്പൻ ജോസഫ് (മുൻ മാനേജിംഗ് ഡയറക്ടർ ടി.ടി.പി.ലിമിറ്റഡ്)
2. ശ്രീ.സന്തോഷ് കുമാർ (ചീഫ് മാനേജർ, മാർക്കറ്റിംഗ്, ടി.ടി.പി.ലിമിറ്റഡ്)
3. ശ്രീ.എം.എം. ഭാസ്കരൻ (എക്സിക്യൂട്ടീവ് ഡയറക്ടർ, ടി.ടി.പി.ലിമിറ്റഡ്)
4. ശ്രീ.തോമസ് മാത്യു (മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി.ലിമിറ്റഡ്)
5. ശ്രീ.ബി.ഗോപകുമാരൻ നായർ, മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി ലിമിറ്റഡ്.
6. ശ്രീ.ഉമ്മൻചാണ്ടി, ബഹു. മുഖ്യമന്ത്രി
7. ശ്രീ.ടി.ബാലകൃഷ്ണൻ ഐ.എ.എസ്, മുൻ ചെയർമാൻ, ഡയറക്ടർ ബോർഡ്, ടി.ടി.പി ലിമിറ്റഡ്. തിരുവനന്തപുരം.
8. ശ്രീ.രമേശ് ചെന്നിത്തല, മുൻ കെ.പി.സി.സി പ്രസിഡന്റ്.
9. ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്, മുൻ വ്യവസായ വകുപ്പ് മന്ത്രി.
10. ശ്രീ.രാജീവൻ, പ്രൊപ്രൈറ്റർ, M/s. Grintex Enterprises.
11. ശ്രീ.ഗംഗാധരൻ, ചീഫ് എഞ്ചിനീയർ (Rtd.) & Chief Project Manager, TTPL.
12. ശ്രീ.ഡി.കെ.ഭാസു, General Manager, M/s.Meccon India Ltd.
13. ശ്രീ.സുജനപാൽ, മുൻ മന്ത്രി, ആരോഗ്യ പരിസ്ഥിതി വകുപ്പ്.

വി.ഇ.30/2006/എസ്.ഐ.യു-ന്റെ റിപ്പോർട്ടിന്മേൽ 3 പരാതികളിലും (CMP.845/2006, 802/2011) ശ്രീ.സെബാസ്റ്റ്യൻ ജോർജ്ജ് മുഖ്യമന്ത്രിക്ക് നൽകിയ പരാതി) കേസ് എടുത്ത് അന്വേഷിക്കുവാൻ 28.08.2014-ൽ കോടതി ഉത്തരവിട്ടു.ടി ഉത്തരവിനെതിരെ ആരോപണ വിധേയരായ ശ്രീ.ടി.ബാലകൃഷ്ണനും ശ്രീ.രമേശ് ചെന്നിത്തലയും ബഹു. ഹൈക്കോടതിയിൽ നൽകിയ ഹർജികളിന്മേൽ CMP.845/2006-ലെ പ്രതികൾക്ക് എതിരെ കേസ് രജിസ്റ്റർ ചെയ്യാനാണ് കീഴ്ക്കോടതിയുടെ ഉത്തരവെന്ന് ബഹു. ഹൈക്കോടതി ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ, CMP.845/2006-ലെ

ആരോപണവിധേയരായ താഴെ പറയുന്നവർക്ക് എതിരെ വി.സി.01/15/ എസ്.ഐ.യു നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു.

1.മാനേജിംഗ് ഡയറക്ടർ ടി.ടി.പി.ലിമിറ്റഡ്)

2.ശ്രീ.ഈപ്പൻ ജോസഫ് (മുൻ മാനേജിംഗ് ഡയറക്ടർ ടി.ടി.പി.ലിമിറ്റഡ്)

3.ശ്രീ സന്തോഷ് കുമാർ (ചീഫ് മാനേജർ, മാർക്കറ്റിംഗ്, ടി.ടി.പി. ലിമിറ്റഡ്)

4. ശ്രീ.എം.എം. ഭാസ്കരൻ (എക്സിക്യൂട്ടീവ് ഡയറക്ടർ, ടി.ടി.പി.ലിമിറ്റഡ്)

5. ശ്രീ.തോമസ് മാത്യു (മുൻ ചീഫ് കൊമ്മേഴ്സ്യൽ മാനേജർ, ടി.ടി.പി. ലിമിറ്റഡ്)

6. ശ്രീ.ബി.ഗോപകുമാരൻ നായർ, മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി ലിമിറ്റഡ്.

സെക്ഷൻ ഓഫീസർ